(ബി & സി) നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസമേ ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളൂ. അനുവദിച്ച തുക പൊന്നും വില തഹസീൽദാർക്ക് കൈമാറിയിട്ടുണ്ട്.

റോഡുകളുടെ പുനരുദ്ധാരണത്തിന് അനുവദിച്ച തുക

169 (2269) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-07, 2007-08, 2008-09, 2009-10, 2010-11 വർഷങ്ങളിൽ കണ്ണൂർ ജില്ലയിൽ റോഡുകളുടെ പുനരുദ്ധാരണത്തിന് സർക്കാർ അനുവദിച്ച തുക എത്രയെന്ന് വർഷം തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) 2006-2010 വരെ പെരിങ്ങലം നിയോജകമണ്ഡലത്തിലെ ഏതൊക്കെ പൊതുമരാമത്ത് റോഡുകൾക്കാണ് പുനരുദ്ധാരണത്തിന് തുക അനുവദിച്ചതെന്നും റോഡിന്റെ പേരും അനുവദിച്ച തുകയും എത്രയെന്നും വിശദീകരിക്കുമോ ;

(സി) പെരിങ്ങളം മണ്ഡലത്തിൽ പുനരുദ്ധാരണം നടന്ന് വരുന്ന പൊതുമരാമത്ത് റോഡുകൾ ഏതൊക്കെയാണ് ; ഇവയുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പ്രവൃത്തികൾ ഉടൻ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു. *

(ഡി) പ്രസ്തുത പ്രവൃത്തികൾ ഉടൻ പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ പെരോം-മുന്നാംകുന്ന്-കുണ്ടേരി-പ്രാപ്പൊയിൽ റോഡിന്റെ നിർമ്മാണം

170 (2270) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പെരോം-മുന്നാംകുന്ന്-കുണ്ടേരി-പ്രാപ്പൊയിൽ റോഡിന് എന്നാണ് ഭരണാനുമതി ആദ്യം ലഭിച്ചത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly